**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3474** **08-10-2025 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക യോഗ്യതയെ സംബന്ധിച്ച സുപ്രീം കോടതി വിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2025 സെപ്റ്റംബർ ഒന്നിലെ അധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹു.സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | അധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതിയുടെ 01.09.2025 തീയതിയിലെ സി.എ. 1385/2025 മുതൽ ഹർജികളിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ നിയമോപദേശം ലഭ്യമാക്കി, തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ബഹു.സുപ്രീം കോടതിയുടെ ഈ വിധിയിൽ കെ-ടെറ്റ്-ന് പകരമായി സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്), നെറ്റ് (നാഷ്ണൽ എലിജിബിലിറ്റി ടെസ്റ്റ് ) എന്നീ യോഗ്യതകൾ നേടിയ അദ്ധ്യാപകർക്ക് ഇത് ബാധിക്കുമോ; സെറ്റ്, നെറ്റ് എന്നീ യോഗ്യതാ പരീക്ഷകൾ ടെറ്റ്-ന് പകരമല്ല എന്ന് ഈ വിധിയിൽ പറയുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | അധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതിയുടെ 01.09.2025 തീയതിയിലെ സി.എ. 1385/2025 മുതൽ ഹർജികളിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ നിയമോപദേശം ലഭ്യമാക്കി, തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കെ-ടെറ്റ്-ന് തത്തുല്യ യോഗ്യതകളായി സർക്കാർ അംഗീകരിച്ച പി.എച്ച്.ഡി., എം.ഫിൽ., എം.എഡ്. എന്നിവ അദ്ധ്യാപക യോഗ്യതാ പരീക്ഷയ്ക്ക് തുല്യമല്ല എന്ന് ഈ വിധിയിൽ പറയുന്നുണ്ടോ; വിശദമാക്കാമോ; | (സി) | അധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതിയുടെ 01.09.2025 തീയതിയിലെ സി.എ. 1385/2025 മുതൽ ഹർജികളിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ നിയമോപദേശം ലഭ്യമാക്കി, തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഹയർസെക്കൻഡറി തലത്തിലുള്ള അധ്യാപകരെ ബഹു.സുപ്രീംകോടതിയുടെ ഈ വിധി എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കാമോ; | (ഡി) | അധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതിയുടെ 01.09.2025 തീയതിയിലെ സി.എ. 1385/2025 മുതൽ ഹർജികളിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ നിയമോപദേശം ലഭ്യമാക്കി, തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | സംസ്ഥാനത്ത് നിലവിൽ സ്കൂൾ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ 9, 10, 11, 12 ക്ലാസുകളിലെ അദ്ധ്യാപകരെ ഈ വിധി ബാധിക്കുമോയെന്ന് വിശദമാക്കാമോ; | (ഇ) | ഇല്ല. |

| | | | |
|---|---|---|---|
| (എഫ്) | ഹൈസ്കൂൾ തലത്തിൽ 10 വർഷം സർവീസ് പൂർത്തിയാക്കിയ അദ്ധ്യാപകരെ യോഗ്യത പരീക്ഷകൾ നേടാതെ ഹയർസെക്കൻഡറിയിലേക്ക് നിയമിക്കാമെന്ന സംസ്ഥാന സർക്കാർ ഉത്തരവിനെ പ്രസ്തുത വിധി ബാധിക്കുമോ; മുൻകാല പ്രാബല്യത്തോടെ ഈ വിധി നടപ്പിലാക്കുകയാണെങ്കിൽ ഇത്തരത്തിൽ പ്രമോഷൻ നൽകിയ അദ്ധ്യാപകരെ എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കാമോ; | (എഫ്) | ഈ വിഷയത്തിൽ നിയമോപദേശം ലഭ്യമാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ജി) | നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി നിയമിക്കപ്പെട്ട അദ്ധ്യാപകരെ പുതിയ നിയമം വരുമ്പോൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ജി) | ഈ വിഷയത്തിൽ നിയമോപദേശം ലഭ്യമാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ